**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2693** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനപുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനപുരോഗതിയ്ക്ക് ഈ സർക്കാർ നടപ്പിലാക്കിയ നൂതന പദ്ധതികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടിക ജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനപുരോഗതിയ്ക്ക് പട്ടിക ജാതി പട്ടികവർഗ്ഗ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>പട്ടികജാതി വികസന വകുപ്പ്</u>:-<br><br>**പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധത ഉൾപ്പെടെ പട്ടികജാതി വികസന വകു നടപ്പിലാക്കുന്ന എല്ലാ വിദ്യാഭ്യാസ പദ്ധതികളും പട്ടികജാതി വിദ്യാർത്ഥികളുടെ പഠനപുരോഗതിയ്ക്കും അവർക്ക് വിദ്യാഭ്യാസ രംഗത്തെ നൂതന കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാതരം കോഴ്സുകളും, അർഹതയുടെ അടിസ്ഥാനത്തിൽ, പഠിക്കുന്നതിനുള്ള അവസരം നൽകുന്നതിന സഹായകരമാകുന്ന വിധത്തിൽ കാലോചിതമായി പരിഷ്കരിച്ച് നടപ്പിലാക്ക വരുന്നു. കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കായുള്ള വിഷൻ, വിഷൻ പ്ലസ്, സിവിൽ സർവ്വീസ പ്രവേശന പരീശീലനത്തിനായുള്ള ലക്ഷ പദ്ധതി, കമേഴ്സ്യൽ പൈലറ്റ് ലൈസൻസ കോഴ്സിനായുള്ള "വിങ്സ്" പദ്ധതി വിദേശപഠനത്തിനുള്ള "ഉന്നതി ഓവർസീസ സ്കോളർഷിപ്പ്" പദ്ധതി എന്നിവയും വകു നടപ്പിലാക്കി വരുന്നു.**<br><br><u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>:-<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനപുരോഗതിയ്ക്കായി പട്ടിക വർഗ്ഗവികസന |

| | | | |
|---|---|---|---|
| | | | വകുപ്പ് **സ്മാർട്ട് പഠന മുറികൾ , സിവി<br>സർവീസ് പരിശീലനം, കൊമേഴ്ഷ്യൽ പൈല<br>ലൈസൻസ് കോഴ്സ് (വിങ്സ്) വിദേശത്തു<br>സംസ്ഥാനത്തിനു പുറത്തും പഠിക്കുന്നതിനുള്ള<br>സ്കോളർഷിപ്പുകൾ (ഉന്നതി) , ബാക്ക് ടു സ്കൂ<br>വിദ്യാവാഹിനി PVTG കുട്ടികൾക്ക<br>അനുവദിക്കുന്ന അധിക ധനസഹായം<br>മെഡിക്കൽ / എഞ്ചിനീയറിം<br>പരിശീലനത്തിനുള്ള സ്കോളർഷിപ്പ് എന്നി<br>പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശ<br>അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പുതിയ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്ഥാനത്ത്  പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനപുരോഗതിയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ  വിശദാംശം  ചുവടെ ചേർക്കുന്നു.

**സ്മാർട്ട് പഠന മുറികൾ**

സ.ഉ.(സാധാ)നം.788/2025/പ.ജ.പവ.വി.വ തീയതി 10.10.2025 പ്രകാരം വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകി നിലവിൽ വകുപ്പ് നടപ്പിലാക്കി വരുന്ന സാമൂഹ്യ പഠന മുറിക്ക് പുറമെ വ്യക്തിഗത ആനുകൂല്യങ്ങളിൽ ഉൾപ്പെടുത്തി ആധുനിക സൗകര്യങ്ങളോടു കൂടിയ സ്മാർട്ട് പഠനമുറികൾ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ ടെക്നിക്കൽ സ്കൂൾ/കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ 8 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി  വീടിനോട് ചേർന്ന ആധുനിക സൗകര്യങ്ങളോടു കൂടി സ്മാർട്ട് പഠനമുറികൾ നിർമ്മിക്കുന്നതിന് 2.50 ലക്ഷം രൂപയാണ് (ഒരു പഠനമുറിക്ക് പരമാവധി) അനുവദിക്കുന്നത്.

**സിവിൽ സർവീസ് പരിശീലനം**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം, എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകി വരുന്നു. 30 വയസ്സിനു താഴെ പ്രായമുള്ളവരും വാർഷിക വരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ്. 2022–23 ലാണ് ഇത്തരത്തിൽ ഒരു പദ്ധതി ആരംഭിച്ചത്. ഓറിയെന്റേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, യാത്ര, പാഠപുസ്തകങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥികൾക്കും പഠനത്തിനായി പരമാവധി മൂന്നു ലക്ഷം രൂപ സ്കോളർഷിപ്പ് ആയി അനുവദിച്ച് നൽകുന്നു.

**കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്(വിങ്സ്)**

കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി വിങ്സ് എന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. 27/12/2022 സ. ഉ.(കൈ) നം.56/2022/STDD പ്രകാരം തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അധ്യയനവർഷവും 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് സ്കോളർഷിപ്പ് അനുവദിച്ചു നൽകി വരുന്നു. തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോട് കൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി വരുന്നു. പരിശീലന കാലയളവിൽ പരിശീലനത്തിന്റെ പുരോഗതി വീക്ഷിച്ച ശേഷം മാത്രം ഘട്ടം ഘട്ടമായി സ്കോളർഷിപ്പ് തുക അനുവദിച്ചു നൽകുന്നു.

**വിദേശത്തും സംസ്ഥാനത്തിനു പുറത്തും പഠിക്കുന്നതിനുള്ള സ്കോളർഷിപ്പുകൾ (ഉന്നതി)**

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിലും സംസ്ഥാനത്തിന് പുറത്തും പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. വ്യക്തമായ **മെഡിക്കൽ/എഞ്ചിനീയറിംഗ് പരിശീലനത്തിനുള്ള സ്കോളർഷിപ്പ്** മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ പോസ്റ്റ് ഗ്രാഡ്യൂവേഷൻ മുതലുള്ള പഠനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന പരമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു.

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു.

**ബാക്ക് ടു സ്കൂൾ**

സംസ്ഥാനത്തെ വിവിധ കാരണങ്ങളാൽ പഠനം മുടങ്ങിയ പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ തിരികെ സ്കൂളുകളിലേക്ക് എത്തിക്കുന്നതിന് "ബാക്ക് ടു സ്കൂൾ" എന്ന പദ്ധതി നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**വിദ്യാവാഹിനി**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച ഗോത്രസാരഥി പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി, (സ.ഉ. (സാധാ)നം. 415/2023/SCSTD തീയതി 30/03/2023) വിദ്യാവാഹിനി എന്ന് പുന നാമകരണം ചെയ്ത് 2023-24 മുതൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ 2025-26 അധ്യയനവർഷം 172 പഞ്ചായത്തുകളിലായി 644 സ്കൂളുകൾ വഴി 24,095 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നു.

**PVTG കുട്ടികൾക്ക് അനുവദിക്കുന്ന അധിക ധനസഹായം**

പ്രീ-മെട്രിക് സ്കോളർഷിപ്പ് പുതുക്കിയ സർക്കാർ ഉത്തരവ് നം 9/2023/SCSTDD തീയതി : 26/12/2023 പ്രകാരം പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ പി.വി.റ്റി.ജി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിന് പ്രതിമാസം 200/- രൂപ വീതം 10 മാസത്തേയ്ക്ക് 2,000/-രൂപ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

**മെഡിക്കൽ / എഞ്ചിനീയറിങ് പരിശീലനത്തിനുള്ള സ്കോളർഷിപ്പ്**

2 പദ്ധതികളായാണ് ഇത് നടപ്പിലാക്കുന്നത്.

1. വിഷൻ (VISION)- പ്ലസ് ടു/വി.എച്ച്.എസ്.സി പഠനത്തിനോടൊപ്പമുള്ള എൻട്രൻസ് കോച്ചിംഗ്

പ്ലസ് ടു/വി.എച്ച്.എസ്.സി പഠനത്തിനോടൊപ്പം 2 വർഷത്തെ പരിശീലനത്തിനായി വർഷവും 10,000/- വീതം അനുവദിക്കുന്നതാണ്.

2. വിഷൻ പ്ലസ് (VISION PLUS) - പ്ലസ് ടു പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ്

പ്ലസ് ടു/വി.എച്ച്.എസ്.സി പഠനത്തിനു ശേഷം മെഡിക്കൽ/കോച്ചിംഗ്- പ്ലസ്ടു വി.എച്ച്.എസ്.സി പഠനത്തിന് എഞ്ചിനീയറിംഗ് കോഴ്സുകൾക്കു അഡ്മിഷൻ ലഭിക്കാത്ത വിദ്യാർഥികൾക്ക് ഒരു വർഷത്തെ പരിശീലനത്തിനായി 54,000/-രൂപ അനുവദിക്കുന്നതാണ്.

ഇത് കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം വർദ്ധിപ്പിക്കുന്നതിനായി മഞ്ചാടി, മഴവിൽ പദ്ധതികൾ, ത്രൈവ് പദ്ധതി വിവിധ നൈപുണ്യ വികസന പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.